പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 5879

19.11.2019 ൽ

മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് പ്രൊഫഷണലുകളുടെ നിയമനം**

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി) |
|---|---|
| എ) പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതിനും അവ തകരുന്നതിനുമുള്ള കാരണം മികച്ച പ്രൊഫഷണലുകളെ സ്ഥാപനത്തിന്റെ തലപ്പത്ത് നിയമിക്കാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ) ഇല്ല. |
| ബി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണലുകളെയും കാര്യപ്രാപ്തിയുള്ളവരെയുമാണ് നിയമിക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; | ബി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ തെരെഞ്ഞെടുക്കുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| സി) വിജിലൻസ് അന്വേഷണം നേരിടുന്നവർ, വിജിലൻസ് കേസിലെ പ്രതികൾ എന്നിവരെ വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | സി) വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ സുപ്രധാന തസ്തികകളിൽ നിയമനം നടത്തുന്നതിന് മുമ്പായി വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കാറുണ്ട്. വ്യവസായ വകുപ്പിൽ നിയമനം ലഭിച്ച സമയത്ത് വിജിലൻസ് കേസുകളിൽപ്പെട്ടയാരുമില്ല. |
| ഡി) പ്രധാന തസ്തികകളിൽ നിയമിക്കപ്പെടുന്നവർ കുറ്റാരോപിതരും കളങ്കിതരുമല്ലായെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഡി) സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ